ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർമാർ എന്നിവരുടെ ആവശ്യത്തിനായി നൽകിയിരിക്കുന്നു.

(സി) ഓഫീസ് കാറുകളുടെ നിയന്ത്രണാധികാരം അതാത് വകുപ്പ് അദ്ധ്യക്ഷൻമാർക്കും എസ്റ്റേറ്റ് വണ്ടികളുടെ നിയന്ത്രണാധികാരം അതാത് മാനേജർമാർക്കുമാണ് നൽകിയിരിക്കുന്നത്.

150 (1882) പ്ലാന്റേഷൻ കോർപ്പറേഷനിലെ വാഹനങ്ങളുടെ ഇന്ധനച്ചെലവ്

ശ്രീ. പി.ജെ ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.96 മുതൽ 31.3.99 വരെ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഓരോ വാഹനവും എത്ര കിലോമീറ്റർ വീതം ഓടി;

(ബി) എത്ര ലിറ്റർ പെട്രോൾ/ഡീസൽ ഓരോ വാഹനത്തിലും ഉപയോഗിച്ചു;

(സി) ഓരോ വാഹനത്തിനും ശരാശരി ഇന്ധനക്ഷമത പ്രതിമാസം ലിറ്ററിനു എത്ര കിലോമീറ്റർ വീതമായിരുന്നു?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

151 (1883) പ്ലാന്റേഷൻ കോർപ്പറേഷനിലെ ഡ്രൈവർമാരുടെ ഒഴിവ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്ലാന്റേഷൻ കോർപ്പറേഷനിൽ ഡ്രൈവർമാരുടെ മൊത്തം എണ്ണം എത്ര; എവിടെയൊക്കെ എത്ര പേർ വീതമുണ്ട്;

(ബി) ഓരോരുത്തരും ഓടിക്കുന്ന വാഹനങ്ങൾ ഏതൊക്കെയാണ്;

(സി) ഡ്രൈവർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ അവ നികത്താൻ സ്വീകരിച്ച നടപടികൾ എന്താണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ മൊത്തം 45 ഡ്രൈവർമാരുടെ തസ്തികയാണുള്ളത്. അവരെ താഴെ പറയുന്ന സ്ഥലങ്ങളിൽ നിയമിച്ചിരിക്കുന്നു.

ഫെഡ് ഓഫീസ്	5
ചീമേനി	1
കൊടുമൺ	2
ചന്ദനപ്പള്ളി	8
കല്ലാല	9
പേരാംപ്ര	4
അതിരപ്പള്ളി	4
നിലംപൂർ	2

LIBRARY ARCHIVES Kerala Legislative Assembly